നമ്പർ: D6-16167/18

**വിവരാവകാശം / മറുപടി**

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 3.12.2018.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. വിനീത് പി.വി
പൂവത്തുംമൂട്ടിൽ വീട്
അരുവപ്പാറ പി.ഒ
പെരുമ്പാവൂർ.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 9.11.2018ലെ 202/D3/18/SJD നം. സർക്കാർ കത്ത്.

വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ അപേക്ഷ മേൽ സൂചന പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ആയതു പ്രകാരം 40% കാഴ്ച വൈകല്യമുൾപ്പെടെയുള്ള വൈകല്യബാധിതർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ / നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പ്രസ്തുത വിവരങ്ങൾ തൃപ്തികരമല്ലായെങ്കിൽ ഞങ്ങളുടെ അപ്പലേറ്റ് അതോറിറ്റിയുമായി ബന്ധപ്പെടാവുന്നതാണ്. ബന്ധപ്പെടേണ്ട വിലാസം:

കെ.ഗീത
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, 5- ാം നില,
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

*db@18*

## കാഴ്ച പരിമിതി ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാർക്കായി
## സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

**പരിരക്ഷാ പദ്ധതി**

അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി.

- അപകടങ്ങൾ, ആക്രമണങ്ങൾ, പ്രകൃതി ദുരന്തങ്ങൾ
  എന്നിവയ്ക്കിരയാകുന്ന അംഗപരിമിതർക്ക് അടിയന്തിര സഹായം.
  ആശ്രയമില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്നവരെ ക്ഷേമ സ്ഥാപനങ്ങളിലെത്തിക്കുന്നു.

**മാതൃജ്യോതി പദ്ധതി**

കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ധനസഹായം നൽകുന്ന പദ്ധതി.

- മാസം 2000/- രൂപ ക്രമത്തിൽ 24 മാസം വരെ ധനസഹായം.

**വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം**

- അംഗപരിമിതർക്ക് ചികിത്സയ്ക്കായി ഒറ്റത്തവണ പരമാവധി 5000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

**പരിണയം**

- അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരായ മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ധനസഹായമായി ഒറ്റത്തവണ 30,000/- രൂപ ധനസഹായമായി അനുവദിയ്ക്കുന്ന പദ്ധതി.

**വിദ്യാജ്യോതി പദ്ധതി**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 9- ാം ക്ലാസ്സ് മുതൽ PG കോഴ്സ് വരെ പഠിക്കുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം.

**വിദ്യാകിരണം പദ്ധതി**

അംഗപരിമിതരായ രക്ഷകർത്താക്കളുടെ (മാതാവ് / പിതാവ് / രണ്ടു പേരും) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം.

**ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി**

ഒന്നാം ക്ലാസ്സു മുതൽ പ്രൊഫഷണൽ / പി.ജി കോഴ്സുകൾക്കു പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

**കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് റീഡേഴ്സ് അലവൻസ് നൽകുന്ന പദ്ധതി**

വാർഷിക വരുമാനം ഒരു ലക്ഷം രൂപവരെയുള്ള കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് എക്സ്ഗ്രേഷ്യാ അലവൻസും വായനാ സഹായി അലവൻസും അനുവദിക്കുന്ന പദ്ധതി.

- എക്സ്ഗ്രേഷ്യാ അലവൻസ് 3000/- രൂപ (ഒറ്റത്തവണ)
- വായനാ സഹായി അലവൻസ് 4000/- രൂപ ക്രമത്തിൽ 8 വർഷം വരെ ധനസഹായം.

**സഹായ ഉപകരണ വിതരണ പദ്ധതി**

അംഗപരിമിതരുടെ കൃത്യ നിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാനുതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.

**ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി**

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താംക്ലാസ് പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

**വ്യക്തിഗത പരിപാലന പദ്ധതി**

ഭിന്നശേഷിക്കാരുടെ വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കുന്നതിന് വിവര ശേഖരണം നടത്തുന്ന പദ്ധതി

- ഇതിലൂടെ ഓരോ ഭിന്നശേഷിക്കാരന്റെയും വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കി അതിലൂടെ അവർക്കനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നു.

**ബാരിയർ ഫ്രീ കേരള**

സംസ്ഥാനത്തെ എല്ലാ പൊതുകെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

**സ്റ്റീഫൻ ഹോക്കിങ്സ് സെന്റർ ഫോർ എക്സലൻസ് (SHCE)**

കലാകായിക ബൗദ്ധിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള അംഗപരിമിതരായ കുട്ടികൾക്ക് മികച്ച രീതിയിൽ പഠന സാധ്യതകൾ ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതി.

**അംഗപരിമിത നിയമനം**

PWD Act 1995-ൽ നിഷ്ക്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാർ സർവ്വീസിൽ 3% സംവരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നു.

**സർക്കാർ തൊഴിൽ പരിശീന കേന്ദ്രങ്ങൾ**

സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോടുമായി ഭിന്നശേഷിക്കാരുടെ രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

- ടി സ്ഥാപനങ്ങൾ മുഖേന ഭിന്നശേഷിക്കാർക്ക് ബുക്ക് ബൈൻഡിംഗ്, ലെതർ വർക്സ്, ഗാർമെന്റ് മേക്കിംഗ് എന്നിവയിൽ പരിശീലനം നൽകി വരുന്നു.
- ഇതോടൊപ്പം കെൽട്രോൺ നടത്തുന്ന ഡി.സി.എ - ഡി.ടി.പി കോഴ്സുകളിലും പരിശീലനം നൽകുന്നു.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പരിശീലനാർത്ഥികൾക്ക് സ്റ്റൈപന്റ് അനുവദിക്കുന്നു.

**<u>കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് പദ്ധതികൾ</u>**

**പ്രീ-മെട്രിക് സ്കോളർഷിപ്പ്**

സർക്കാർ / സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ, കേന്ദ്ര/സംസ്ഥാന സെക്കണ്ടറി വിദ്യാഭ്യാസ ബോർഡിന്റെയോ പരിധിയിൽ 9, 10 എന്നീ ക്ലാസുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

**പോസ്റ്റ് - മെട്രിക് സ്കോളർഷിപ്പ്**

XI, XII, പോസ്റ്റ് മെട്രിക്കുലേഷൻ ഡിപ്ലോമ / സർട്ടിഫിക്കറ്റ്സ്, ബാച്ചിലേഴ്സ് ഡിഗ്രി, ഇന്ത്യൻ ഡിപ്ലോമ, മാസ്റ്റേഴ്സ് ഡിഗ്രി, UGC/AICTE എന്നീ അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ഡിപ്ലോമ എന്നീ കോഴ്സുകൾക്കു പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നൽകുന്നു.

കറസ്പോൺഡൻസ് കോഴ്സിനു (distant and continuing education) പഠിക്കുന്നവർക്കും അപേക്ഷിക്കാം.

**ടോപ് ക്ലാസ്സ് എഡ്യൂക്കേഷൻ**

ഡിഗ്രി, PG, ഡിപ്ലോമ (കേന്ദ്ര സർക്കാർ ഭിന്നശേഷി വകുപ്പ് കണ്ടെത്തിയിട്ടുള്ള വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരം ഉള്ള സ്ഥാപനങ്ങളിൽ നിന്നും) എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതി.

**നാഷണൽ ഫെല്ലോഷിപ്പ്**

ഇന്ത്യൻ യൂണിവേഴ്സിറ്റി / UGC സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ M.Phil / PHD ചെയ്യുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതി.

**നാഷണൽ ഓവർസീസ് സ്കോളർഷിപ്പ്**

എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, സയൻസ് & അപ്ലയ്ഡ് സയൻസ്, അഗ്രികൾച്ചറൽ സയൻസ് & മെഡിസിൻ, കോമേഴ്സ്, അക്കൗണ്ടിംഗ് & ഫിനാൻസ്, ഹ്യൂമാനിറ്റീസ്, സോഷ്യൽ സയൻസ് (law and fine arts) തുടങ്ങിയ വിഷയങ്ങളിൻമേൽ വിദേശ യൂണിവേഴ്സിററികളിൽ പഠിക്കുന്നതിനായുള്ള ധനസഹായം.

**സൗജന്യ കോച്ചിംഗ് ക്ലാസ്സ്**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ 40% ഉം അതിൽ കൂടുതലും വൈകല്യബാധിതരായ കുട്ടികളെ സർക്കാർ / പൊതുമേഖലാ / സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ ജോലി നേടുന്നതിനും ടെക്നിക്കൽ & പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്നതിനുമായുള്ള മത്സര പരീക്ഷകൾ എഴുതുന്നതിനായി സൗജന്യ പരിശീലനം നൽകുന്നു.

സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾക്ക് www.sjdkerala.gov.in website സന്ദർശിക്കുക. കേന്ദ്ര സർക്കാരിന്റെ scholarship വിവരങ്ങൾക്ക് www.scholarships.gov.in എന്ന websiteഉം SIPDA, National Skill Development, DDRS, DDRC, RCI, AIC എന്നീ സ്കീമുകളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാനായി, disability affairs.gov.in എന്ന website സന്ദർശിക്കുക.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

db@18